ഉളിയന്നൂർ പെരുന്തച്ചൻ

കേസരി ബാലകൃഷ്ണപിള്ള

ഉളിയന്നൂർ പെരുന്തച്ചൻ
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Men from Punt Carrying Gifts, Tomb of Rekhmire, a painting by Nina M. Davies (1881–1965). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉളിയന്നൂർ പെരുന്തച്ചൻ

'പറയിപെറ്റ പന്തിരുകല'ത്തിൽപ്പെട്ടതായി കേരളീയ ഐതിഹ്യം പ്രസ്താവിക്കുന്ന ദേഹവും, പ്രാചീനകേരളത്തിലെ ഏറ്റവും പ്രസിദ്ധപ്പെട്ട ശില്പിയുമായ ഉളിയന്നൂർ പെരുന്തച്ചനെ കുറിച്ച് തിരുവനന്തപുരത്തെ ശാരദാപ്രിന്റിങ് വർക്സ് വകയായി പുറപ്പെടുവിച്ചിരുന്ന 1940-ലെ ട്രാവൻകൂർ സോവനീർ എന്ന പ്രസിദ്ധീകരണത്തിൽ ഒരു ഇംഗ്ലീഷ് ലേഖനം ഈ ലേഖകൻ എഴുതിയിരുന്നു. താൻ പണിക്ക് ഏർപ്പെടുത്തിയ മരമറ്റപ്പകാർക്ക് ഇദ്ദേഹം കൂലിയായി കുറെ മരപ്പൊടി കൊടുക്കാറുണ്ടായിരുന്നു എന്നും, ഇതു പൊന്നായി പരിവർത്തിച്ചിരുന്നു എന്നും ആലുവയ്ക്കു സമീപമുള്ള ഉളിയന്നൂരിലെ ക്രിസ്ത്യാനികളായ മരമറ്റപ്പകാരുടെ ഇടയ്ക്ക് ഇന്നു പ്രചാരമുള്ള ഒരു ഐതിഹ്യത്തെയും ഇദ്ദേഹം തന്റെ സോദരനായ മേഴത്തോൾ അഗ്നിഹോത്രി എന്ന ആഢ്യൻ നമ്പൂതിരിക്കു ഏകദൈവവിശ്വാസത്തിന്റെ മാഹാത്മ്യം ഒരു നീതികഥ മുഖേന ചൂണ്ടിക്കാണിച്ചു കൊടുത്തു എന്ന കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ പറഞ്ഞിട്ടുള്ള ഒരു കഥയെയും മറ്റു ചില സംഗതികളെയും ആസ്പദിച്ച്, ഈ മഹാശില്പി എ. ഡി. ഏഴാം ശതാബ്ദത്തിന്റെ പൂർവാർധത്തിൽ സുപ്രസിദ്ധനായ ക്ലായിതൊമ്മൻ മുതലാളി ഇദംപ്രഥമമായി സുറിയാനി ക്രിസ്ത്യാനികളെ പശ്ചിമേഷ്യയിൽ നിന്ന് മഹോദയപട്ടണം എന്നപേരും കൂടിയുണ്ടായിരുന്ന ചേരരാജധാനിയായ കൊടുങ്ങല്ലൂരിൽ കുടി പാർപ്പിച്ചപ്പോൾ, ഇവരോടുകൂടി വന്നിരുന്ന ഒരു സുറിയാനി ക്രിസ്ത്യാനിയായിരിക്കുവാൻ ഇടയുണ്ടെന്ന് പ്രസ്തുത ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു. കൂടാതെ, കോട്ടയം വലിയപള്ളിയിലെയും മൈലാപ്പൂരിലെ സെന്റ് തോമസ് മൗണ്ടിലെയും പഹ്‌ളവി ലേഖനങ്ങളോടുകൂടിയ പ്രാചീന കരിങ്കൽ കരിശുകൾ നിർമിച്ചത് ഈ പ്രസിദ്ധ ശില്പിയായിരിക്കുമെന്നും അതിൽ ഈ ലേഖകൻ ചൂണ്ടിക്കാണിച്ചിരുന്നു. പറയിപെറ്റ പന്തിരുകുലത്തിൽപ്പെട്ടവരുടെ കാലം എ. ഡി. ഏഴാം ശതാബ്ദമാണെന്നു കാണിച്ച് മറ്റൊരു ലേഖനം കുറെ വർഷങ്ങൾക്കുമുമ്പ് ഈ ലേഖകൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഉളിയന്നൂർ പെരുന്തച്ചനെപ്പറ്റി പിന്നീടു നടത്തിയ പുതിയ ഗവേഷണങ്ങളുടെ ഫലമായി ഈ ലേഖകനു സംഭാവ്യമായി തോന്നുന്ന വിവരങ്ങളാണ് ഈ ലേഖനത്തിൽ ചേർത്തിരിക്കുന്നത്.



കടമറ്റം പള്ളിയിലെ കരിങ്കൽ കരിശ്.

ക്ലായിതൊമ്മനു ചെപ്പേട്ടു കൊടുത്ത ചേരമാൻ പെരുമാളിന്റെ നാട്ടുവാഴ്ചയുടെ അവസാനത്തിനു കോഴിക്കോട്ടെ ബ്രാഹ്മണർ നൽകിയിട്ടുള്ള കാലം 347 ആണെന്നും, അതിനു കൊച്ചിയിലെ ബ്രാഹ്മണർ നൽകിയിട്ടുള്ള കാലം 5286 ആണെന്നും, 'ദസ് ആസ്യ' എന്ന കൃതിയിൽ ദാ കതോ എന്ന സ്പാനിഷ് ചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽ അന്തർഭവിച്ചിട്ടുള്ള ഒരു സംഗതിയെപ്പറ്റി—അതായത്, പ്രാചീന കേരളത്തിൽ ഒന്നിലധികം അബ്ദങ്ങൾ പ്രചരിച്ചിരുന്നു എന്നുള്ളതിനെപ്പറ്റി—നടത്തിയ ഗവേഷണത്തിന്റെ ഫലമായി, ക്ലായിതൊമ്മന്റെ ആഗമനകാലത്തെ കുറിക്കുന്ന കാലവാക്യമായ 'ശോവാല' (345) എന്നത് എ. ഡി. 325-ൽ തുടങ്ങിയ അബ്ദത്തിൽ സ്ഥാപിതമായിട്ടുള്ളതാണെന്നും, തന്നിമിത്തം ഈ വാക്യം യഥാർത്ഥമായി സൂചിപ്പിച്ചിരുന്ന കാലം എ. ഡി. 670 ആണെന്നും ഈ ലേഖകൻ ഇപ്പോൾ വിചാരിക്കുന്നു. ഇതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ കേരളത്തിലെ പെരുമാൾവാഴ്ചയെക്കുറിച്ച് മാതൃഭൂമി ആഴ്ചപതിപ്പിൽ ഈ ലേഖകൻ എഴുതിത്തുടങ്ങിയിരിക്കുന്ന ലേഖനപരമ്പരയിൽ കാണാവുന്നതാണ്. ക്ലായിതൊമ്മന്റെ ആഗമനകാലമായ എ. ഡി. 670-ൽ കേരളം ഭരിച്ചിരുന്നത് ചിലപ്പതികാരം എന്ന പ്രസിദ്ധ ചെന്തമിഴ് മഹാകാവ്യം പ്രസ്താവിക്കുന്ന ചെങ്കുട്ടവൻ (രണ്ടാമൻ) എന്ന ചേരനായിരുന്നു. ഇദ്ദേഹത്തിനു കേരളോൽപ്പത്തി കലശേഖരപെരുമാൾ ഒന്നാമൻ എന്നും, വൈഷ്ണവഐതിഹ്യം കലശേഖരആൾവാർ എന്നും പതിറ്റുപ്പത്ത് എന്ന ചെന്തമിഴ് കാവ്യമാല ഇളഞ്ചേരലിരുംപൊറൈ എന്നും ചേര, അഥവാ, മൂഷിക രാജവംശത്തിന്റെ ചരിത്രം വർണ്ണിക്കുന്ന മൂഷികവംശകാവ്യം രാമവർമ്മൻ എന്നും പേരിട്ടിട്ടുണ്ട്. മഹോദയപട്ടണത്ത് ക്ലായിതൊമ്മൻ ഒരു പള്ളി പണികഴിപ്പിച്ചതിനുശേഷം അതിൽവച്ച് ആദ്യം നടത്തിയ ആരാധനയിൽ അന്നത്തെ ചേരരാജാവ് പങ്കുകൊണ്ടു എന്ന ക്രൈസ്തവ ഐതിഹ്യം പറഞ്ഞിരിക്കുന്ന ചേരൻ ഈ കലശേഖരപെരുമാളാണ്. ഈ ഐതിഹ്യത്തെ ചിലപ്പതികാരത്തിലെ ചുവടെ ചേർക്കുന്ന വരികൾ പിന്താങ്ങുന്നുണ്ട്:

> "ചതുക്കപ്പൂതരെ വഞ്ചിയുട്ടുന്ത്
> മതുക്കാൾ വേൾവിവേട്ടോനായിനം."

ഇതിലെ ചതുക്കപ്പൂതർ എന്നത് ചതുഷ്കം (നാല്, അറബിയിൽ അർബ) എന്ന പേരുണ്ടായിരുന്ന അറേബ്യയിലെ സുപ്രസിദ്ധ പ്രാചീന പരിഷ്കാരകേന്ദ്രമായ പൂത് എന്ന പ്രദേശത്തിൽ നിന്ന് ക്ലായിതൊമ്മൻ കൊണ്ടുവന്ന ക്രിസ്ത്യാനികൾക്കു കൊടുത്തിട്ടുള്ള ഒരു പേരാണെന്നു മാതൃഭൂമി ആഴ്ചപതിപ്പിൽ 'കരിശുമുടി' എന്ന തലക്കെട്ടിൽ ഈ ലേഖകൻ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചതുക്കപ്പൂതരെ വഞ്ചിനഗരത്തിൽ കൊണ്ടുവന്ന് അവരുടെ മധുകൊണ്ടുള്ള ആരാധനയിൽ (അതായത്, കർബാനയിൽ) ഈ ചേരൻ പങ്കുകൊണ്ടു എന്നാണ് ഈ വരികളുടെ അർത്ഥം.



ക്ലായിതൊമ്മന്റെ ചിത്രം.

എ. ഡി. 671-ലോ ഇതിന്റ അടുത്ത ആണ്ടിലോ മരിച്ച കലശേഖരപെരുമാളിന്റെ ശേഷം, അദ്ദേഹത്തിന്റെ പുത്രനും, പള്ളിബാണപെരുമാൾ എന്നും ഭൂതപ്പെരുമാൾ എന്നും കൂടി പേരുകളുള്ള ചേരമായ ചന്ദ്രവർമ്മൻ നാട്ടുവാഴ്ചകയുണ്ടായി. ഇദ്ദേഹത്തിന്റെ മന്ത്രിയായിരുന്നു ക്ലായിതൊമ്മൻ. ഒരു ചേരരാജാവിന്റെ മന്ത്രിയായിരുന്ന ക്ലായിതൊമ്മനെന്നും, ഈ രാജാവിനോടു ഒരു ജാതി വഴക്കു നിമിത്തം പിണങ്ങി സിലോണിലേക്ക് ഓടിപ്പോയിരുന്ന കമ്മാളരാദിയായ നാങ്കടിപുരിഷകളെ മന്ത്രിയായ ക്ലായിതൊമ്മനു അല്ലിമലയിലെ തിരുവരംഗൻ എന്ന പാണനും കൂടി അവിടെ ചെന്നു തിരിച്ചു കേരളത്തിലേക്കു കൂട്ടിക്കൊണ്ടുപോന്നു എന്ന് കേരള ക്രൈസ്തവ ഐതിഹ്യം പ്രസ്താവിക്കുന്നുണ്ടല്ലോ. ക്ലായിതൊമ്മൻ പ്രസ്തുത പള്ളിബാണപെരുമാളിന്റെ പി. ഡബ്ല്യു. വകുപ്പിന്റെ മേൽനോട്ടം വഹിച്ചിരുന്ന ശില്പകലാവിദഗ്ധനായ മന്ത്രിയായിരുന്നു എന്നും, ഇദ്ദേഹത്തിനാണ് തന്നിമിത്തം കേരളത്തിലെ ഹൈന്ദവ ഐതിഹ്യം ഉളിയന്നൂർ പെരുന്തച്ചനെന്നു പേരിട്ടിട്ടുള്ളതെന്നും ഈ ലേഖകൻ ഇപ്പോൾ വിചാരിക്കുന്നു. പള്ളിബാണപെരുമാൾ തന്റെ അന്ത്യകാലത്ത് ക്ലായിതൊമ്മന്റെ പ്രേരണയാൽ പ്രസ്തുത പുത്രരുടെ മതമായ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. ഇതു നിമിത്തമത്രെ ഇദ്ദേഹത്തിനു ഭൂതരായപെരുമാൾ (പുതരായപെരുമാൾ) എന്ന പേരും കൂടി ലഭിച്ചതു. ഈ മതപരിവർത്തനം നിമിത്തം ഇദ്ദേഹത്തെ കക്കാട്ടനമ്പിടി വധിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ മരണത്തോടുകൂടി അന്യംനിന്നുപോയ മൂഷികവംശത്തിലേക്ക് കലശേഖരപെരുമാളുടെ ഒരു സഹോദരനും ചേദി രാജാവുമായ പാലകൻ ഒന്നാമനെ ദത്തെടുക്കുകയും ചെയ്തു. ബെയ്ഡധേനായ പള്ളിബാണപ്പെരുമാൾ ക്രിസ്തുമതമാണ് സ്വീകരിച്ചിരുന്നതെന്ന് ഡോ. പി. ജെ. തോമസ് 1094-ലെ ഭാഷാപോഷിണിയിൽ ചൂണ്ടിക്കാണിച്ചിരുന്നത് വാസ്തവമാണെന്ന് ഈ ലേഖകൻ ഇപ്പോൾ വിശ്വസിക്കുന്നു. കറൂമ്പ് കോട്ടയത്തിനടുത്തുള്ള കിളിരൂരിലെ ഭഗവതിക്ഷേത്രത്തിൽ നിന്ന് കണ്ടെടുത്തതായി പറയുന്ന പള്ളിബാണപെരുമാളുടെ കരിശു ധരിച്ച ചെറുവിഗ്രഹം ഈ അഭിപ്രായത്തെ പിന്താങ്ങുന്നുണ്ട്. എ. സി. ഏഴാം ശതാബ്ദത്തിന്റെ അന്ത്യകാലത്ത് നാട്ടുവാണിരുന്ന ഈ പള്ളിബാണപെരുമാളെ എ. ഡി. 943 മുതൽക്കു 978 വരെ നാട്ടുവാണതിനുശേഷം ഇസ്ലാംമതം സ്വീകരിച്ചവനെന്നു മാതൃഭൂമി ആഴ്ചപ്പതിപ്പിലെ പ്രസ്തുത പെരുമാൾവാഴ്ചയെപ്പറ്റിയുള്ള ലേഖനങ്ങളിൽ ചൂണ്ടിക്കാണിക്കുന്നതായ ഇന്ദുഗോദവർമ്മൻ പാണ്ടിപെരുമാളിൽ നിന്നു വേർതിരിക്കാതെ, ഇവർ രണ്ടു പേരെയും കൂട്ടിക്കലർത്തിയതിന്റെ ഫലമായിട്ടാണ് പള്ളിബാണപെരുമാൾ മക്കത്തുപോയി എന്ന് കേരളോൽപ്പത്തി പ്രസ്താവിക്കുന്നതു.



പി. ജെ. തോമസ്.

അന്ത്യകാലത്ത് ക്രിസ്തുമതം സ്വീകരിക്കുന്നതിനു മുമ്പ് പള്ളിബാണപെരുമാൾ ശില്പശാസ്ത്രവിദഗ്ധനായ തന്റെ മന്ത്രിയും ഉളിയന്നൂർ പെരുന്തച്ചനെന്ന് സ്ഥാനപ്പേരുള്ള ദേഹവുമായ ക്ലായിതൊമ്മനെ കൊണ്ടു പല പ്രസിദ്ധ ഹിന്ദുദേവാലയങ്ങളും പണിയിക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ മുൻഗാമിയായ കലശേഖരപെരുമാൾ കൊടുങ്ങല്ലൂരിൽ തളിയാതിരിമാർക്കുള്ള വസതികൾ പണിയിച്ചതും ക്ലായിതൊമ്മനെക്കൊണ്ടായിരുന്നിരിക്കണം. ഇങ്ങനെയുള്ള അമ്പലപണികൾക്കും മറ്റുംതച്ചന്മാർ മുതലായ തൊഴിലുകാരുടെ സമ്മതം അപരിത്യാജ്യമാണല്ലോ. അതിനാൽ ഈ തൊഴിലുകാരെ പ്രസ്തുത പെരുമാക്കന്മാർ ക്ലായിതൊമ്മന്റെ പൂർണാധികാരത്തിൻകീഴിൽ ആക്കിയിരുന്നിരിക്കും. ഇതു നിമിത്തമായിരിക്കും ക്രിസ്ത്യാനികൾക്ക് തച്ചൻ എന്ന സ്ഥാനപ്പേരു ലഭിച്ചതു. ഇപ്രകാരം ഇവരുടെമേൽ ലഭിച്ച അധികാരം നിമിത്തമാണ് സിലോണിലേക്ക് ഓടിപ്പോയിരുന്ന കമ്മാളന്മാരെ തിരിച്ചു വിളിച്ചു കൊണ്ടുവരാനായി പള്ളിബാണപെരുമാൾ ക്ലായിതൊമ്മനെ നിയോഗിച്ചതും.

സമ്മാനങ്ങളുമായി പോകുന്ന പൂതിലെ ജനങ്ങൾ, റെഖ്മിറിന്റെ ശവകുടീരം.

അപ്പോസ്തലനായ സെന്റ് തോമസിന്റെ ശവകുടീരം വാസ്തവത്തിൽ കരിശുമുടിയിലായിരുന്നു എന്നും, ക്ലായിതൊമ്മന്റെ ശവകുടീരമാണ് മൈലാപ്പൂരിലെ സെന്റ് തോമസ് മൗണ്ടിൽ ഉള്ളതെന്നും, ഇവർ രണ്ടുപേരെയും ഒന്നുപോലെ മാർത്തോമ എന്നു ഭാരതത്തിലെ ക്രിസ്ത്യാനികൾ വിളിച്ചുവന്നിരുന്നതിൽ നിന്നു പോർട്ടുഗീസുകാർക്കുണ്ടായ തെറ്റിദ്ധാരണ നിമിത്തമാണ് സെന്റ് തോമസ് മൗണ്ട്, അപ്പോസ്തലൻ തോമസിന്റെ ശവകുടീരമാണെന്നുള്ള ഇന്നു പ്രചാരത്തിലിരിക്കുന്ന കഥ അവർ സൃഷ്ടിച്ചതെന്നും പ്രസ്തുത കരിശുമുടി എന്ന ലേഖനത്തിൽ ഈ ലേഖകൻ അഭിപ്രായപ്പെട്ടിരുന്നു. സെന്റ് തോമസ് മൗണ്ടിൽ പോർട്ടുഗീസുകാർ കണ്ടുപിടിച്ച ജീർണ്ണിച്ച പള്ളിക്കു മുമ്പ് അവിടെ ഉണ്ടായിരുന്ന ചെറിയ പള്ളി ക്ലായിതൊമ്മൻ പണിയിച്ചതാണെന്നും ഈ ലേഖകൻ അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. സെന്റ് തോമസ് മൗണ്ടിലെ പ്രാചീന കരിങ്കൽ കരിശ് പോർട്ടുഗീസുകാർ കണ്ടുപിടിച്ചപ്പോൾ, അവർ അതിലുള്ള പഹ്‌ളവി ലേഖനത്തെ, അത് ഏതു ഭാഷയിലുള്ള ലേഖനമെന്നറിയാതെ, പലരെക്കൊണ്ടും വായിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായി. ഇക്കൂട്ടത്തിൽപ്പെട്ട അവിടത്തെ ഒരു ബ്രാഹ്മണൻ അത് ഒരു തമിഴ് ലേഖനമാണെന്നു പറഞ്ഞ് അതിനെ വായിച്ചു കേൾപ്പിച്ച് പോർട്ടുഗീസുകാരെ ചതിക്കുകയും ചെയ്തു. ഒരു വ്യാജചരക്കാണെങ്കിലും, ആ കരിശിന്റെ ഉത്ഭവത്തെപ്പറ്റി പോർട്ടുഗീസുകാരുടെ കാലത്ത്, അവിടത്തെ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചിരുന്ന ഐതിഹ്യം ഉൾക്കൊള്ളുന്നതിനാൽ അതിപ്രധാനമായ ഒരു ചരിത്രരേഖയായി ഭവിച്ചിട്ടുള്ള പ്രസ്തുത ബ്രാഹ്മണന്റെ പാഠത്തെ അന്നു പോർട്ടുഗീസുകാർ കുറിച്ചിടുകയും ചെയ്തിരുന്നു. ഒരു തമിഴ് പാട്ടായ ഇതിനെ ഇന്നത്തെ തമിഴ് പണ്ഡിതന്മാർ തെറ്റിദ്ധരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അത് ചുവടെ ചേർത്തിരിക്കുന്നതാണ്:

ഹാറ്റ്ഷെപ്സട്ട് വാഴ്ചക്കാലത്തെ പൂതിലെ ഈജിപ്ഷ്യൻ പര്യവേഷണം.

> "ആറിയ ശകാർത്തം അയ്യാറ്റു തന്നിൽ
> തേറിയ തനവിൽ തിരുത്തു മുടവഴിൽ
> പാരാപരമാകിയ പരമ്പൊരുൾ ഒൻറേ
> താരാതരക്കലിയുതു കണ്ടു തീയകി
> ഇതുകലത്തുതായക്കരുമിന്ത്തു
> വാതിൽ പെരിതും വകൈയുമാകിയേ
> കന്നിയമരിയാ കരുപമതാകി
> മന്നിയമൂപ്പതാം വരുശമാറിയതിൽ
> ഒൻറേയെന്നും ഒരു പൊരുൾ തന്നൈ
> കന്റിനിൽ പന്തിര തേശിയർക്കരൈപ്പാർ
> ആറ്റചമൈയത്തുവന്തവർ ഉരൈയും
> കറിയമയിലൈക്കൊരു മുനിതോൻറി
> തച്ചക്കോലും തച്ചകരത്തവും
> നച്ചിക്കോയിൽ ഇറൈവന്നു ചമൈപ്പാൻ
> സിരി പൂവനത്തിൽ ചേരലക്കോനും
> കരുകലച്ചോഴൻ കോർക്കൈയിൽ പാണ്ടിയൻ
> അത്തിനപുരത്തിൽ അരിച്ചന്തിരനും
> കത്തരിൻ എന്നും കന്നിയർക്കും
> മറ്റും പലപലമാക്കത്താരും
> ചിത്തൻ തെളിന്തചരിതൈയോർ ആയ
> താമേ പൊരുന്തിത്തവ മുനിയാന
> തോമാകലത്തിൽ തൊഴുതടി പണിന്താർ
> അന്തണമൂതോൻ അരിവൊട്ടു മീതേ
> വന്തൊരു യോകം മറൈയവൻ ചെയ്യാൾ
> കണ്ടു ചമൈന്ത ഉതിരക്കുരചിൽ
> തൊണ്ടർകലത്തിൽ തൊഴുമടിയാർകൾ
> പിറവിപ്പാവപ്പെരുങ്കടൽ നീങ്കി
> ഇറൈയവനൈച്ചേർത്തങ്കിരിപ്പതു തിണ്ണാ"

പൂതിലെ ഡീർ എൽ-ബഹ്രിയിലെ ഹറവോയുടെ ശവകുടീരത്തിൽ നിന്ന് കണ്ടെത്തിയ ഈജിപ്ഷ്യൻ പട്ടാളക്കാരുടെ റിലീഫ്.

ഇതിലെ ആദ്യത്തെ പത്തുവരികളിൽ, ആര്യശകാബ്ദമായി ബി. സി. 57-ൽ തുടങ്ങുന്ന വിക്രമാബ്ദത്തിന്റെ 26-ാം ആണ്ടിൽ ധനമാസം 21 -ാംനു ജാതകലത്തിൽപ്പെട്ട കന്യകമറിയയുടെ പുത്രനായി ജനിച്ച ദേഹവും, മുപ്പതാമത്തെ വയസ്സിൽ മലമേലേറി തന്റെ പന്ത്രണ്ടു ശിഷ്യന്മാരോട് ഏകദൈവതത്തെപ്പറ്റി പ്രസംഗിച്ച ഗുരുവായ യേശുക്രിസ്തുവിനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു. പിന്നീടുള്ള പന്ത്രണ്ടു വരികളിൽ പ്രസ്താവിച്ചിട്ടുള്ളത്, ജൈനമതം, ബുദ്ധമതം, ആജീവകമതം, ശൈവമതം, വൈഷ്ണവമതം, ശാക്തേയമതം എന്നീ ആറു ദർശനങ്ങളിൽപ്പെട്ട മതകൃതികൾക്കു ഭാഷ്യങ്ങൾ ചമച്ചിട്ടുള്ള പണ്ഡിതന്മാരുടെ വാസസ്ഥലമായ മൈലാപ്പൂരിൽ ഒരു ദേവാലയം പണിയുവാനായി തച്ചകോലും തമ്പകതടിയും കൊണ്ടു ഒരു മുനി വന്നതും, ഈ മുനി പണിഞ്ഞ തോമാപള്ളിയിൽ ചേരരാജാവും, കരുകലത്തിൽപ്പെട്ട ചോഴരാജാവും, പാണ്ഡ്യതലസ്ഥാനങ്ങളിൽ ഒന്നായ തിരുനെൽവേലി ജില്ലയിലെ കോർക്കൈ നഗരത്തിൽ നാട്ടുവാണിരുന്ന പാണ്ഡ്യരാജാവും ഹസ്തിനപുരത്തിലെ (ഇത് ഹസ്തിനപുരമെന്ന പേരുള്ള കാഞ്ചിനഗരമോ, തുംഗഭദ്ര നദീതീരത്തുള്ള ആനെഗുണ്ഡിയോ, ചിറ്റൂർ താലൂക്കിലെ കാളഹസ്തിയോ ആയിരുന്നേക്കാം) ഹരിശ്ചന്ദ്രൻ എന്ന രാജാവും, കന്യകകൾക്ക് രാജ്ഞിയായ കാതറിൻ എന്ന സ്ത്രീയും മറ്റു പല ക്രിസ്ത്യാനികളും ചെന്ന് ആരാധന നടത്തിയതുമാണ് ശേഷിച്ച വരികളിൽ, ആ പള്ളിയിൽ ഉണ്ടായ ദൈവയോഗം കണ്ടു പ്രസ്തുത മുനി പണിത രക്തകരിശിനെ ആരാധിക്കുന്നവർക്കു പിറവിയാകുന്ന കടൽ കടന്നു ദൈവത്തോടു ലയിക്കുവാൻ സാധിക്കുന്നതു നിശ്ചയമാണെന്നും പ്രസ്താവിച്ചിരിക്കുന്നു.



വാഴപ്പള്ളി ശ്രീ മഹാദേവക്ഷേത്രത്തിൽ പെരുന്തച്ചൻ നിർമ്മിച്ചു എന്നു കരുതുന്ന കൽത്തൂൺ.

ഇതിൽ പ്രസ്താവിച്ചിരിക്കുന്ന മുനി അപ്പോസ്തലനായ മാർത്തോമയാണെന്നാണ് ഇന്നത്തെ പണ്ഡിതന്മാരുടെ ധാരണ. ഇത് ശരിയാണെന്ന് ഈ ലേഖകൻ വിചാരിക്കുന്നില്ല. ഈ മുനി ക്ലായിതൊമ്മനായ മാർത്തോമായാണ്. ഒന്നാമതായി അപ്പോസ്തലനായ മാർത്തോമാ മതപരിവർത്തനം നടത്തിയതായി പറഞ്ഞിട്ടുള്ളവരെയല്ല, ഈ പാട്ടിലെ മുനിയുടെ പള്ളിയിൽ ആരാധന നടത്തിയവരായി പ്രസ്താവിച്ചിട്ടുള്ളത്. അപ്പോസ്തലൻ മാർത്തോമാ ഭാരതത്തിൽ ആദ്യം വന്നിറങ്ങിയതും, ക്രൈസ്തവ ഐതിഹ്യങ്ങൾ മാല്യങ്കര, മൈലാപ്പൂർ, സാന്ദ്രക്, ആന്ദ്രാപൊലിസ് എന്നീ പല പേരുകൾ ഇട്ടിട്ടുള്ളതുമായ നഗരം ചേരരാജാക്കന്മാരുടെ ഒരു വടക്കൻ ശാഖയായ ഹൈഹയരാജവംശക്കാരുടെ രാജധാനിയായ ഉത്തരകാനറ ജില്ലയിലെ ഗോകർണനഗരമാണെന്നും, ആ സിദ്ധനെ ഒരു കൊട്ടാരം പണിയുവാനായി വരുത്തിയ ദേഹവും, ഗൊദണ്ഡഫറസ് എന്ന പേരും കൂടി വഹിച്ചിരുന്നവനുമായ ചോഴപ്പെരുമാൾ കണ്ടൻപാലകൻ എന്ന പേരുണ്ടായിരുന്നേക്കാവുന്ന കൊടുങ്ങല്ലൂരിലെ ഒരു ചേരരാജാവാണെന്നും പെരുമാൾവാഴ്ചയെപ്പറ്റിയുള്ള പ്രസ്തുത ലേഖനങ്ങളിൽ ഈ ലേഖകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗോകർണത്തിലെ ഹൈഹയ രാജാവിനെയും, അദ്ദേഹത്തിന്റെ പുത്രിയായ പെലാജിയായെയും, ജാമാതാവും ഭാഗിനേയനുമായരാജകുമാരനെയും, കൊടുങ്ങല്ലൂരിലെ ചോഴപെരുമാളിന്റെ അനുജനായഗോദവർമനെയും, മയിലാപ്പൂരിലെ മസ്‌ദായിയുടെ രാജ്യത്തിലെ (ഈ രാജ്യം ദേവികുളം ഡിവിഷനിലും സമീപപ്രദേശങ്ങളിലുമായി സ്ഥിതിചെയ്തിരുന്നു എന്നു പ്രസ്തുത കരിശുമുടി ലേഖനത്തിൽ ഈ ലേഖകൻ ചൂണ്ടിക്കാണിച്ചിരുന്നു.) ചിലരേയുമാണ് അപ്പോസ്തലൻ മാർത്തോമാ ക്രിസ്ത്യാനികളാക്കിയത്. നേരെമറിച്ച്, മുകളിൽ ഉദ്ധരിച്ചിട്ടുള്ള പാട്ടിൽ പറഞ്ഞിട്ടുള്ള ചേരൻ എ. ഡി. എട്ടാംശതാബ്ദത്തിലെ പള്ളിബാണപെരുമാളും, അതിലെ പാണ്ഡ്യരാജാവ് പള്ളിബാണപെരുമാളുടെ സമകാലിനനും പാണ്ഡ്യശാസനങ്ങൾ ചെഴിയൻ ചേന്തനെന്നു പേരിട്ടിട്ടുള്ളവനുമാണെന്ന് വിചാരിക്കുവാനാണ് കാരണമുള്ളത്. രണ്ടാമതായി, കരിശിനു ക്രിസ്തുമതചിഹ്നമായി ജനസാമാന്യത്തിന്റെ ഇടയ്ക്കു പ്രചാരമുണ്ടായത് എ. ഡി. നാലാം ശതാബ്ദത്തിലാണെന്നുള്ള പണ്ഡിതാഭിപ്രായം മയിലാപ്പൂർ കരിശു പണിതത്, എ. ഡി. ഒന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന അപ്പോസ്തലൻ മാർത്തോമയല്ലെന്ന് സ്ഥാപിക്കുന്നുണ്ട്. തച്ചകോലു കൈയിലേന്തി വന്ന എന്നും, കരിങ്കൽ കരിശുപണിതു എന്നും പറഞ്ഞിരിക്കുന്നത് ശിലാവിദഗ്ധനായ അപ്പോസ്തലൻ മാർത്തോമ്മയും ക്ലായിതൊമ്മനും ഒന്നുപോലെ യോജിക്കുമെങ്കിലും, മറ്റൊരു സംഗതി നിമിത്തം ഇത് ക്ലായിതൊമ്മനാണ് കൂടുതൽ യോജിക്കുന്നത്. ഈ സംഗതി വിശദീകരിക്കുന്നതിനു മുമ്പ് പ്രാചീന പാരസികർ ഈശ്വരനെ സൃഷ്ടികർത്താവ് എന്ന അർത്ഥത്തിൽ തക്ഷൻ (തച്ചൻ) എന്ന പേരിട്ടിട്ടുള്ളത് ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ; ഷി-സോ എന്ന പ്രാചീനകൃതിയിൽ ചേർത്തിട്ടുള്ള ചില പ്രാചീന ചീനത്തെ കൊത്തുപണികളുടെ ചിത്രങ്ങളിലും ദിവ്യനായ അവിടത്തെ പ്രഥമരാജാവു ഫുഹിയെ കൈയിൽ തച്ചക്കോൽ ഏന്തിയവനായി ചിത്രീകരിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാണ്.



പീറ്റർബറോയിലെ ഫുഹിയുടെ ചുവർചിത്രം.

ക്ലായിതൊമ്മന്റെ ആഗമനകാലം കുറിക്കുന്ന 'ശോവാല' എന്ന വാക്യം ഇത്തരം വാക്യങ്ങളുടെ പതിവനുസരിച്ച്, അദ്ദേഹം എവിടെ നിന്നു കടിപാർപ്പുകാരായ സുറിയാനി ക്രിസ്ത്യാനികളോടു കൂടി കേരളത്തിലേക്കു കപ്പൽകയറി എന്നു കാണിക്കുന്നുണ്ട്. ഇതിലെ 'ശോവൈ' (ചോവൈ) എന്ന പദത്തിന് തമിഴിൽ മഞ്ഞപിത്തം എന്ന് അർത്ഥമുള്ളതിനാൽ, പ്രസ്തുത സുറിയാനികളുടെ മഞ്ഞനിറത്തിൽ നിന്നാണ് ഈ വാക്യത്തെ സൃഷ്ടിച്ചുള്ളതെന്ന് പ്രസ്തുത കരിശുമുടി ലേഖനത്തിൽ ഈ ലേഖകൻ അഭിപ്രായപ്പെട്ടിരുന്നു. ഈ അഭിപ്രായം ശരിയല്ലെന്നും, ഇവർ കപ്പൽ കയറിയ കിഴക്കെ അറേബ്യയിലെ അഷ്ഷഫ എന്ന നഗരത്തിൽ നിന്നാണെന്ന് പ്രസ്തുത വാക്യം നിർമ്മിച്ചിട്ടുള്ളതെന്നും ഇപ്പോൾ ഈ ലേഖകൻ വിചാരിക്കുന്നു. ഇസ്ലാംമതത്തിന്റെ ഉത്ഭവകാലത്ത് ബഹ്റിൻ ദ്വീപുകൾക്ക് സമീപമുള്ള കടാർ എന്ന അറബിക്കരയിൽ, ദിറിൽ, മസാനിഗ, തലോൻ, വട, ഹജർ (ഹജ്റ) എന്ന അഞ്ചു നെസ്റ്റോറിയൻ മെത്രാസനങ്ങൾ ഉണ്ടായിരുന്നതായി നമുക്ക് അറിവുണ്ട്. ഹജ്‌റിന്റെ തലസ്ഥാനം വലിയ ബഹ്റിൻ ദ്വീപിലെ അഷ്ഷഫ നഗരമാണെന്നും, പ്രസ്തുത കടാരവും ഭാരതവുമായി വലുതായ കച്ചവടം നടന്നിരുന്നു എന്നും യാച്യൂട് (Yacut) എന്ന അറബി ഭൂമിശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ട്. ഹജ, അഥവാ, ഹജ്റ എന്ന പദത്തെ ഹസ എന്നും അസ്സ എന്നും ഉച്ചരിക്കാവുന്നതാണ്. ക്ലായിതൊമ്മന്റെ ആഗമനത്തെപ്പറ്റി പ്രതിപാദിക്കുന്ന ചില മലയാളം പാട്ടുകളുടെ ഇംഗ്ലീഷ് പരിഭാഷകൾ ശ്രീമാൻ ടി. കെ. ജോസഫ് 1928-ലെ ഇന്ത്യൻ ആന്റിക്വറിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇവയിൽ ഒന്നിൽ നിന്ന്, ക്ലായിതൊമ്മനെ കേരളത്തിലേക്ക് അയച്ച പൂർവ്വദേശത്തെ കത്തോലിക്കാസിന്റെ മെത്രാസനം എസ്സ എന്ന നഗരമാണെന്ന് അനുമാനിക്കാം.



ഫുഹിയുടെയും (വലത്ത്) നവായുടെയും (ഇടത്ത്) ഒരു പുരാതന പെയിന്റിംഗ്.

അസ്സയുടെ ഒരു രൂപഭേദമായിരിക്കും എസ്സ. അഷ്ഷഫ എന്ന അറബി നാമത്തിൽ, അഷ് എന്നത് അൽ എന്ന അറബി സർവനാമത്തിന്റെ ഒരു രൂപഭേദമാണ്. അതിനാൽ ഈ നഗരത്തിന്റെ യഥാർത്ഥനാമം ഷഫ എന്നാണെന്ന് സിദ്ധിക്കുന്നു. ഷഫയിൽ നിന്നു വന്നവർക്കു ഷഫാലൻ എന്ന പേരു കൊടുക്കാമല്ലോ. ഇതിന്റെ ഒരു ദുഷിച്ച ജനകീയ രൂപഭേദമായിരിക്കും 'ശോവാല' എന്ന തമിഴ്‌വാക്യം. ക്ലായിതൊമ്മൻ നെസ്റ്റോറിയാനോ, അല്ല യാക്കോബായക്കാരനോ ആയിരുന്നത് എന്നുള്ള വാദവിഷയമായ പ്രശ്നത്തെപ്പറ്റി ഈ ലേഖകൻ ബണ്ഡിച്ച് ഒരു അഭിപ്രായവും പുറപ്പെടുവിക്കുന്നില്ല. നെസ്റ്റോറിയൻ മതം ക്രിസ്തുമതത്തിൽ എ. ഡി. 432-ൽ വരുത്തിവച്ച ഭിന്നിപ്പിനു ശേഷം എ. ഡി. 910-ൽ ആന്റിയോക്കിലെ എലിയാസ് പാത്രിയാർക്കീസ് ബാഗ്ദാദിൽ പൂർവ്വദേശത്തെ കത്തോലിക്കസിന്റെ മെത്രാസനം സ്ഥാപിക്കുന്നതുവരെ മെസപ്പൊട്ടേമിയയിലല്ല അത് സ്ഥിതിചെയ്തിരുന്നത് എന്ന് ബാർഹെബ്രയസ് പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത കത്തോലിക്കസിന്റെ മെത്രാസനം കൂടി ഹജ്റയുടെ തലസ്ഥാനമായ അഷ്ഷഫയിൽ സ്ഥാപിച്ചിരുന്നു എന്നുവന്നേക്കാം.

തുർക്കിയിലെ എഡെസ നഗരത്തിലെ, ഉർഫ കോട്ടയുടെ മുകളിലുള്ള നിരകൾ.

ക്ലായിതൊമ്മന്റെ വരവിനെ കുറിച്ചുള്ള ഐതിഹ്യങ്ങളിൽ എഡെസ എന്ന പേരുള്ള ഒരു മെത്രാസനത്തേയും പറ്റി പറഞ്ഞിട്ടുണ്ടല്ലോ. മെസപ്പൊട്ടേമിയയിലെ സുപ്രസിദ്ധ നഗരമായ എഡെസ അന്ന് ഖലീഫുകളുടെ അധികാരത്തിൻ കീഴിലായിരുന്നു. അതിനാൽ പ്രസ്തുത ഐതിഹ്യം പ്രസ്താവിക്കുന്ന എഡെസ ഈ എഡെസ ആയിരിക്കുവാൻ ഇടയില്ല. ബഹ്റിൻ ദ്വീപിന് ഇബിൻ ഹാക്കൽ എന്ന അറബി ഭൂമിശാസ്ത്രജ്ഞൻ അവാൽ എന്ന പേരു നൽകിയിരുന്നു. അറബിയിൽ ഈ പദത്തിന്റെ അർത്ഥം ഒന്നാമത്തേത് എന്നാണ്. 'എദ്ദ' എന്ന പദത്തിന് അസീറിയൻ ഭാഷയിൽ ഒന്ന് എന്ന് അർത്ഥമുള്ളതിനാലും, എദ്ദസ (എദെസ്സ എന്നതിന്റെ പരിശുദ്ധമായ ഒന്നാമത്തെ (നഗരം) എന്ന വ്യാഖ്യാനിക്കാവുന്നതിനാലും, ക്ലായിതൊമ്മനെപ്പറ്റിയുള്ള ഐതിഹ്യങ്ങൾ പ്രസ്താവിക്കുന്ന എഡെസ എന്ന മെത്രാസനം അവാലിൽ, അഥവാ, ബഹ്റിനിലുള്ള അഷ്ഷഫ ആയിരിക്കുമെന്നും വന്നേക്കാം.



സബീർ ഈശോ (ഇടത്ത്), മാർ പ്രോത്ത് (വലത്ത്).

ചേരരാജാവായ താണരവി (സ്ഥാണരവി) എ. ഡി. ഒമ്പതാം ശതാബ്ദത്തിൽ കൊല്ലത്തെ തരിശാപള്ളിക്കായി സബീർ ഈശോവിനു നൽകിയ രണ്ടാമത്തെ ചെപ്പേടിന്റെ അവസാനത്തിൽ ചില നാഗരി അക്ഷരങ്ങൾ എഴുതിയിരിക്കുന്നു. ഇതിനെ 'യേശ്രുസപ്രസഭാസംഘമ്മെതാ' എന്നു വായിക്കാമെന്ന് ഒരു പതിരുപതു വർഷത്തിനു മുമ്പ് ഈ ലേഖകൻ അഭിപ്രായപ്പെട്ടിരുന്നു. (ശ്രീമാൻ ടി. കെ. ജോസഫിന്റെ 'മലങ്കര നസ്രാണികണികളുടെ നാലു ചെപ്പേടുകൾ' എന്ന കൃതി നോക്കുക) ഇതിൽ കൊല്ലത്തെ ക്രൈസ്തവസംഘത്തിന്റെ മെത്രാനായ സബീർ ഈശോവിനു സഭാസംഘമെത്രാൻ എന്നു പേരിട്ടിരിക്കുന്നത് സഭാ നഗരത്തിൽ അതായത്, ബഹ്റിനിലെ അഷ്ഷഫ നഗരത്തിൽ നിന്ന് ഈ സംഘം പൂർവകാലത്ത് കേരളത്തിൽ കുടിയേറിപ്പാർത്തിരുന്നതു കൊണ്ടായിരിക്കാം.



പഴമ, ൧-ാംഭാഗം

മലങ്കര നസ്രാണികളുടെ

നാലു ചെപ്പേടുകൾ.

റി. കെ. ജോസഫ്,

ബി. എ., എൽ. റി.

The Malabar Christian Copper Plates.

T. K. Joseph, B. A., L. T

Printed at The 'Sridhara' Power Press, Trivandrum.

1925/1100.

[Price 12 As. 3 ps.

'മലങ്കര നസ്രാണികളുടെ നാലു ചെപ്പേടുകളു'ടെ പുറംതാൾ.

അറേബ്യയുടെ പ്രസ്തുത കിഴക്കൻ തീരമാണ് ചരിത്രാതീതകാലത്തെ പരിഷ്കാരകേന്ദ്രമായ പൂത് (പൂന്ത്) ദേശമെന്നു കൂടുതൽ ഗവേഷണം കൊണ്ട് ഈ ലേഖകൻ ഇപ്പോൾ വിശ്വസിക്കുന്നു. മൈലാപ്പൂരിലെ പ്രാചീന കരിശിൽ കൊത്തിയിട്ടുള്ള പഹ്‌ളവി ലേഖനത്തിൽ അതുനാട്ടിയ ദേഹത്തെ ചഹർബുതിന്റെ പുത്രൻ എന്നു വർണിച്ചിരിക്കുന്നത് അദ്ദേഹം ചതുഷ്ക (ചഹർ) പൂതം (ബൂത്) ആയ പ്രസ്തുത അറബിക്കരയിൽ നിന്നു വന്ന മനുഷ്യനായതുകൊണ്ടാകുന്നു. അഷ്ഷഫ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തിനു പ്രാചീന ബാബിലോണിയാ നിവാസികൾ മഗൻ എന്ന പേരു കൊടുത്തിരുന്നു. ഇതിനെ ബി. സി. 2500-നു സമീപം നാട്ടുവാണിരുന്ന അഗാഡിലെ ചക്രവർത്തിയായ നരാംസിന് പിടിച്ചടക്കിയതായും ബാബിലോണിയാ ചരിത്രം പ്രസ്താവിക്കുന്നുണ്ട്. ഡയോറൈറ്റ് (Diorite) എന്ന പേരുള്ളതും, പ്രതിമകളും മറ്റും പണിയാൻ ഒരു ഒന്നാന്തരം അസംസ്കൃതസാധനമായതുമായ ഒരുതരം കറുത്ത കരിങ്കല്ലിന് ഈ പ്രദേശം പ്രാചീന ബാബിലോണിയക്കാരുടെ ഇടയ്ക്കു കീർത്തി നേടിയിരുന്നു. ഇവിടത്തെ കരിങ്കല്ലുകൊണ്ടുള്ള പണിയിൽ വൈദഗ്ധ്യം നേടിയിരുന്ന ഒരു ശില്പിയായിരുന്നിരിക്കും ക്ലായിതൊമ്മൻ. ഈ വൈദഗ്ധ്യം അദ്ദേഹം പണിത മൈലാപ്പൂരിലേയും, കോട്ടയം വലിയ പള്ളിയിലേയും കരിങ്കൽ കരിശുകളിൽ കാണാവുന്നതുമാണ്. അപ്പോസ്തലനായ മാർത്തോമാ ഭാരതത്തിലേക്കു കപ്പൽ കയറിയ സ്ഥലമായ ബാബിലോണിയായിലെ മഹോഷയിൽ കരിങ്കൽ ദുർല്ലഭമാകയാൽ, അദ്ദേഹത്തിനു കൽപ്പണിയിൽ മഗനിലെ ക്ലായിതൊമ്മനോളം വൈദഗ്ധ്യം സിദ്ധിച്ചിരിക്കുവാൻ ഇടയില്ലെന്നുള്ളതാണ് മുകളിൽ സൂചിപ്പിച്ച സംഗതി.

(സഹൃദയ വാർഷികപതിപ്പ് 1943.)

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കുടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജി വെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്തു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014